അരൂരിലെ മത്സ്യവിഭവ കയറ്റുമതി മേഖലയിലെ വികസന പ്രവർത്തനങ്ങൾ

182 (5072) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് സെന്റർ ഫോർ എക്സ്പോർട്ട് എക്സലൻസ് ആയി പ്രഖ്യാപിച്ച അരൂരിലെ മത്സ്യവിഭവ കയറ്റുമതി മേഖലയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യ കയറ്റുമതി മേഖലയിൽ എത്ര ഫിഷ് പ്രോസസിംഗ് യൂണിറ്റുകളും എത്ര മത്സ്യകയറ്റുമതി യൂണിറ്റുകളുമാണ് അരൂർ മണ്ഡലത്തിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇവിടങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളെന്തൊക്കെയാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റ് സെന്റർ ഫോർ എക്സ്പോർട്ട് എക്സലൻസ് ആയി പ്രഖ്യാപിച്ച അരൂരിലെ മത്സ്യവിഭവ കയറ്റുമതി മേഖലയിൽ ASIDE സ്കീമിന്റെ സഹായത്തോടുകൂടി താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്.

(1) 30 പ്രീ പ്രോസ്സസിംഗ് സെന്ററുകളുടെ നിർമ്മാണം

(2) MPEDA ലാബിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

(3) അരൂരിൽ പൂർണ്ണതോതിലുള്ള ലാബിന്റെ നിർമ്മാണം

(4) ഇലക്ട്രിസിറ്റി വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

(5) ചെല്ലാനം സബ്സ്റ്റേഷനിൽ നിന്ന് എഴുപുന്നയിലേക്ക് 11 കെ.വി. ഫീഡർ ലൈനിന്റെ നിർമ്മാണം.

(ബി) അരൂർ മണ്ഡലത്തിൽ 38 പ്രീ പ്രോസസിംഗ് പ്ലാന്റുകളും 22 പ്രോസസിംഗ് പ്ലാന്റുകളും പ്രവർത്തിക്കുന്നുണ്ട്. 22 പ്രോസസിംഗ് പ്ലാന്റുകളിൽ 17 എണ്ണം മാനുഫാക്ചറിംഗ് എക്സ്പോർട്ടേഴ്സ് ആണ്.

(സി) MPEDA -യുടെ കീഴിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ട്. എക്സ്പോർട്ട് സോണിന്റെ മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ച് ഒരു എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly